**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 2754 — 12.02.2019 -ൽ മറുപടിക്ക്

# എംപ്ലോയബിലിറ്റി സെന്ററുകൾ

**ചോദ്യം**

ശ്രീ.എ. പ്രദീപ്കുമാർ
„ വി. ജോയി
„ റ്റി.വി.രാജേഷ്
„ എൻ. വിജയൻ പിള്ള

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മികച്ച വിദ്യാഭ്യാസമുള്ള തൊഴിൽരഹിതരായ യുവജനങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | യുവജനങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതു ലക്ഷ്യമിട്ട് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. **കരിയർ ഡെവലപ്പ്മെന്റ് സെന്റർ**<br>സംസ്ഥാന സർക്കാർ തൊഴിൽനയപ്രകാരം ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ - തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും, കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതികവിദ്യയും നവീനമായ കരിയർ ഡെവലപ്പ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. വ്യക്തിഗത കൗൺസിലിങ്, ഗ്രൂപ്പ് കൗൺസിലിങ്, റെസ്യൂമേ പ്രിപ്പറേഷൻ, പ്രി ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, വിവിധ മത്സരപരീക്ഷാ പരിശീലനങ്ങൾ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളിൽ, കരിയർ കൗൺസിലർ, ഐ.ടി. ഓഫീസർ എന്നീ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നീ സ്ഥലങ്ങളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു.<br>**2.മോഡൽ കരിയർ സെന്റർ**<br>കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ചിട്ടുള്ള സ്ഥാപനമാണ് മോഡൽ കരിയർ സെന്റർ. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് യോഗ്യതയ്ക്കും അഭിരുചിക്കും അനുയോജ്യമായ സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ നേടാൻ അവസരമൊരുക്കുകയാണ് മോഡൽ കരിയർ സെന്ററുകളുടെ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളുടെ അഭിരുചിയും താൽപര്യവും ശാസ്ത്രീയമായി അപഗ്രഥിച്ച് അവർക്കനുയോജ്യമായ ഉന്നത പഠന കോഴ്സുകൾ കണ്ടെത്തുവാൻ സഹായിക്കുക, മത്സര പരീക്ഷാ പരിശീലനം നൽകുക, തുടങ്ങി ഒരു വ്യക്തിക്ക് നല്ലൊരു കരിയർ രൂപപ്പെടുത്തുന്നതിനാവശ്യമായ എല്ലാ സൗകര്യവും സൗജന്യമായി സെന്റർ മുഖേന പ്രദാനം ചെയ്തു വരുന്നു. കരിയർ കൗൺസിലിംഗ്, സ്കിൽ മാപ്പിംഗ്, ICT ലാബ്, സോഫ്റ്റ് സ്കിൽ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരുമായി കൈകോർത്തുകൊണ്ട് കൃത്യമായ ഇടവേളകളിൽ ജോബ് ഫെയറുകളും പ്ലേസ്മെന്റ് ഡ്രൈവുകളും സംഘടിപ്പിച്ച് വരുന്നു. എല്ലാ മേഖലകളിലുമുള്ള തൊഴിൽ അവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് കണ്ടെത്തി നൽകുന്നതിനായി കാറ്റഗറി തിരിച്ചുള്ള പ്ലേസ്മെന്റ് ഡ്രൈവുകളും ഇതിനൊപ്പം സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) യും (സി) യും | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2012-'13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അത് അർഹരായ ഉദ്യോഗാർത്ഥികളിൽ എത്തിക്കാനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; | | അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്, എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തിവരുന്നു. ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർധിപ്പിക്കുന്നതിനും, സോഫ്റ്റ് സ്കില്ലുകൾക്കും, എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന പരിശീലനം ലഭ്യമാക്കുന്നു. തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. |
| (ഡി) | തൊഴിൽ ദാതാക്കളുമായി സഹകരിച്ച് ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നതിനും ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത സെന്ററുകൾ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | നിലവിൽ ഏതെല്ലാം ജില്ലകളിലാണ് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്; സെന്ററിന്റെ പ്രവർത്തനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയ്ക്കനുസരിച്ച് ശേഷിക്കുന്ന ജില്ലകളിൽ കൂടി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ